Draft #10 of File 30001/AC A1/3/2019/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 21-Oct-2021 02:48 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

2021-22 അദ്ധ്യയനവർഷം 'Indira Gandhi Training College, Kothamangalam' എന്ന പേരിൽ പുതിയ സ്വാശ്രയ ട്രെയിനിംഗ് കോളേജ് ആരംഭിക്കുന്നതിനായി സ്റ്റാറ്റ്യൂട്ടറി തിയതിക്ക് ശേഷം സമർപ്പിച്ചിട്ടുള്ള അപേക്ഷ - അപേക്ഷ പരിഗണിക്കുന്നതിനായി ബഹു. ചാൻസലറുടെ അനുമതി തേടുന്നതിനു തീരുമാനിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 5522/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 21.10.2021

---

*പരാമർശം:*-1. കോതമംഗലം, ഇന്ദിരാഗാന്ധി മെമ്മോറിയൽ ട്രസ്റ്റ് ചെയർമാൻ 25.01.2021 തീയതിയിൽ സമർപ്പിച്ച അപേക്ഷ

2. സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്പ്രൂവൽ യോഗത്തിന്റെ നടപടി ക്രമം ഇനം നമ്പർ :30001/ACA1/3/2019 തീയതി:06.10.2021

**ഉത്തരവ്**

2021 -22 അദ്ധ്യയനവർഷം മുതൽ 'Indira Gandhi Training College, Kothamangalam' എന്ന പേരിൽ പുതിയ സ്വാശ്രയ ട്രെയിനിംഗ് ആരംഭിക്കുന്നതിനായി പരാമർശം (1) പ്രകാരം, കോതമംഗലം, ഇന്ദിരാഗാന്ധി മെമ്മോറിയൽ ട്രസ്റ്റ് ചെയർമാൻ നിശ്ചിത ഫീസടച്ച് അപേക്ഷ സമർപ്പിച്ചിരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997 അദ്ധ്യായം 23 പ്രകാരം 2021-22 അദ്ധ്യയനവർഷം പുതിയ കോളേജുകൾ/പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2020 ഓഗസ്റ്റ് 31 ആയിരുന്നു. എന്നാൽ ടി ട്രസ്റ്റ് ചെയർമാൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 25.01.2021 തീയതിയിലാണ്.

സ്റ്റാറ്റ്യൂട്ടറി തീയതിക്കുശേഷം സമർപ്പിക്കപ്പെട്ടിരിക്കുന്ന അപേക്ഷ പരിഗണിക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം VIII വകുപ്പ് 58 (2) പ്രകാരം ബഹു. ചാൻസലറുടെ അനുമതി ആവശ്യമാണ്.

പരാമർശം (2) പ്രകാരം കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്പ്രൂവൽ യോഗം, 2021 -22 അദ്ധ്യയനവർഷം മുതൽ 'Indira Gandhi Training College, Kothamangalam' എന്ന പേരിൽ പുതിയ സ്വാശ്രയ ട്രെയിനിംഗ് കോളേജ് ആരംഭിക്കുന്നതിനായി കോതമംഗലം ഇന്ദിരാഗാന്ധി മെമ്മോറിയൽ ട്രസ്റ്റ് സ്റ്റാറ്റ്യൂട്ടറി തിയതിക്ക് ശേഷം സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിനായി, ബഹു. ചാൻസലറുടെ അനുമതി തേടുന്നതിനായി ശിപാർശ ചെയ്തു.

ടി ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17)പ്രകാരം അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ-വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ചെയർമാൻ, ഇന്ദിരാഗാന്ധി മെമ്മോറിയൽ ട്രസ്റ്റ് കോതമംഗലം.
2. വി.സി./ പി.വി.സി എന്നിവരുടെ പി.എസ് മാർ
3.രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ മാർ.
4.എസി.സി. 1/ എസി.സി 2/എഡിബി 6/ ഓഡിറ്റ് 5
5.പി.ആർ.ഒ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/യൂണിവേഴ്സിറ്റി വെബ് സൈറ്റ്/ ആക്ഷൻ ടേക്കൺ റിപ്പോർട്ട്.
6.സ്റ്റോക്ക് ഫയൽ/റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #10 of File 30001/AC A1/3/2019/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 21-Oct-2021 02:48 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം